## ഭരണഭാഷ-മാതൃഭാഷ

# കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ

**പിൻ കോഡ്- 691001**

GSTIN:32AAALK1455B1ZR

**ഫോൺ നമ്പർ : 0474-2746193**

**https://kollamcorporation.gov.in, secretarykollam@gmail.com**

നമ്പർ: 697960-2024 തീയതി : 10-10-2024

## വാഹന ലേലം/ ക്വട്ടേഷൻ നോട്ടീസ്

**കൊല്ലം മുനിസിപ്പൽ കോർപറേഷൻ വക പഴക്കം ചെന്ന 1998 മോഡലും47,577 കി.മീ ദൂരം മാത്രം സഞ്ചരിച്ചിട്ടുള്ളതുമായ KL02G 1855 BAJAJ TEMPO TRAVELLER AMBULANCE** നിലവിലുള്ള അവസ്ഥയിൽ കോർപറേഷൻ മെയിൻ ഓഫീസിൽ വച്ച് 22/10/2024 പകൽ 11 30 മണിക്ക് പരസ്യമായി ലേലം ചെയ്ത് നൽകുന്നു

മുഖവില - 50,000/-

ഇ എം ഡി - 2,500/-

സ്ഥലം -കോർപറേഷൻ മെയിൻ ഓഫീസ്

**ലേല നിബന്ധനകൾ**

1, ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 22/10/2024 11.00 am മുമ്പായി നിശ്ചിത നിരതദ്രവ്യം അടച്ച രസീത്/ഡി .ഡി യും (നഗരസഭാ സെക്രട്ടറിയുടെ പേർക്ക്) തിരിച്ചറിയിൽ രേഖയുടെ പകർപ്പും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

2, മുദ്രവെച്ച കവറിൽ നിരതദ്രവ്യം ഒടുക്കിയ രസീത്/ഡി.ഡി ഉൾപ്പടെയുള്ള **ക്വട്ടേഷൻ** 22/10/2024 11.00 am ന് മുമ്പായി ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

3, ലേലം കഴിഞ്ഞയുടൻ തന്നെ ഹാജരാകുന്നവരുടെ സാന്നിധ്യത്തിൽ **ക്വട്ടേഷൻ** തുറക്കുന്നതാണ്.

4, ലേലം/ **ക്വട്ടേഷൻ** കാരണം കൂടാതെ നിരസിക്കുന്നതിനുള്ള അധികാരം കോർപ്പറേഷൻ കൗൺസിൽ നിക്ഷിപ്തമാണ്.

5, ലേലം/**ക്വട്ടേഷ**നിൽ ഏറ്റവും കൂടുതൽ തുക വിളിച്ച/ ക്വാട്ട് ചെയ്ത വ്യക്തി അന്നേ ദിവസം തന്നെ ലേലത്തുകയുടെ 50 % തുക നഗരസഭയിൽ ഒടുക്കുവരുത്തേണ്ടതും അല്ലാത്തപക്ഷം

തീയാളുടെ ഇ എം ഡി നഗരസഭ തനത് ഫണ്ടിൽ വകയിരുത്തി 2 -ം സ്ഥാനക്കാരന് ഒന്നാം സ്ഥാനക്കാരൻ വിളിച്ച തുകയ്ക്ക് ലേലം ഏറ്റെടുക്കാൻ അവസരം നല്കുന്നതുമായിരിക്കും. തുക ഒടുക്ക് വരാത്ത വ്യക്തികളെ തുടർന്ന് വരുന്ന ലേലങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തുന്നതാണ്.

6, കൗൺസിൽ അംഗീകാരം ലഭ്യമായ ശേഷം ശേഷിക്കുന്ന തുക ഒടുക്ക് വരുത്തുന്നതിന് അറിയിപ്പ് ലഭ്യമായി 7 ദിവസത്തിനകം തുക ഒടുക്കിവരുത്തി വാഹനം ഏറ്റെടുക്കാവുന്നതാണ് .അല്ലാത്ത പക്ഷം ആദ്യം ഒടുക്ക് വരുത്തിയ തുക നഗരസഭാ ഫണ്ടിൽ വകയിരുത്തി പുനർ ലേലം നടത്തുന്നതായിരിക്കും .

7, ലേലത്തിൽ പങ്കെടുക്കുന്നവർ ഇടനിലക്കാരുടെയോ കമ്മീഷൻ ഏജന്റുമാരുമായോ സഖ്യം ചേർന്ന് ലേലം വിളിക്കാത്തതിരിക്കുകയാണെങ്കിൽ ടിയാളുകളുടെ ഇ .എം .ഡി നഗരസഭാ ഫണ്ടിൽ മുതൽ കൂട്ടുന്നതായിരിക്കും.

8, ലേലത്തിൽ പങ്കെടുക്കുന്നവർ ലേല വസ്തു പരിശോധിച്ചു ബോധ്യപ്പെടേണ്ടതാണ് .ലേലം ഏറ്റെടുത്തതിന് ശേഷമുള്ള പരാതി സ്വീകരിക്കപ്പെടുന്നതല്ല .

9, കോർപറേഷൻ കൗൺസിൽ അംഗങ്ങൾ, ഉദ്യോഗസ്ഥർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർ ലേലത്തിൽ പങ്കെടുക്കാൻ പാടുള്ളതല്ല.

10, ലേല തുകയോടൊപ്പം നിയമാനുസ്യത നികുതി ഉൾപ്പെടെയുള്ള തുക പൂർണ്ണമായും ഒടുക്ക് വരുത്തിയ ശേഷം ലേലം ഏറ്റെടുത്ത വ്യക്തി ടി വാഹന രജിസ്ട്രേഷൻ റദ്ദുചെയ്തുവെന്ന് ഉറപ്പ് വരുത്തി നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം സൂപ്രണ്ടിൽ നിന്നും വാഹനം ഏറ്റെടുക്കേണ്ടതാണ്.

(ഒപ്പ്)

കോർപറേഷൻ സെക്രട്ടറി

പകർപ്പ്;- നോട്ടീസ് ബോർഡ്-

കോർപറേഷൻ ഓഫീസ്, സോണൽ ഓഫീസുകൾ,

KSRTC ബസ് സ്റ്റാന്റ്,വില്ലേജ് ഓഫീസുകൾ, കളക്ട്രേറ്റ്